പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**1309** **15.06.2012**- ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിൽനിന്ന് മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള നടപടിക്രമം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. വി. ശശി</u><br><u>ശ്രീ. സി. ദിവാകരൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) വിദേശരാജ്യങ്ങളിൽവെച്ച് മരണമടയുന്നവരുടെ മൃത ദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) വിദേശങ്ങളിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കേണ്ട പൂർണ്ണ ചുമതല സ്പോൺസർക്കാണ്. ഇതിനായി സ്പോൺസറോ സ്പോൺസർ നിയോഗിക്കുന്ന ആളോ മരണപ്പെട്ട ആളിന്റെ സർവ്വീസ് സംബന്ധിച്ചുള്ള രേഖകളും, പോലീസ് റിപ്പോർട്ട്, തദ്ദേശാധികാരികൾ നൽകുന്ന മരണ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഇന്ത്യൻ എംബസിയെ സമീപിച്ച് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. അതിനുശേഷം മോർച്ചറിയിൽ നിന്ന് മൃതശരീരം വാങ്ങി എംബാമിങ്ങ് സർട്ടിഫിക്കറ്റോടുകൂടി വിമാനകമ്പനിയിൽ നിന്ന് എയർവേ ബിൽ വാങ്ങി മൃതശരീരം നാട്ടിലേക്ക് അയക്കാവുന്നതാണ്. |
| (ബി) മൃതദേഹം നാട്ടിൽ എത്തിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിലവിലുള്ള നടപടി ക്രമങ്ങളിൽ മാറ്റം വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | (ബി) നിയമപ്രകാരമായും വ്യക്തമായ രേഖകളോടുകൂടിയും, വിദേശത്ത് കഴിയുന്ന ആളിന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദേശത്ത് മരണപ്പെടുന്നയാളിന്റെ മൃതദേഹം ആ രാജ്യത്തിൽ നിന്ന് കയറ്റി അയയ്ക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിക്കുന്നത് ആ രാജ്യത്തെ അധികാരികൾ മാത്രമാണ് എന്നതിനാൽ ഈ വകുപ്പിന് നടപടിക്രമങ്ങളിൽ മാറ്റം വരുത്തുവാനുള്ള അധികാരമില്ല. |

സെക്ഷൻ ഓഫീസർ